ആലപ്പുഴ ജില്ലയിലെ കുട്ടനാട് താലൂക്കിൽപ്പെട്ട തകഴി, നെടുമുടി വില്ലേജുകളിൽ നിന്നും 82 ച.മീറ്റർ ഭൂമി പടഹാരം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്മേലുള്ള വിദഗ്ദ്ധ സമിതിയുടെ ശുപാർശ കുറിപ്പ്.

തീയതി 27.01.2021

ആലപ്പുഴ ജില്ലയിൽ പടഹാരം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി തകഴി, നെടുമുടി വില്ലേജുകളിൽ നിന്നും 82 ച.മീറ്റർ ഭൂമി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം ഏറ്റെടുക്കുവാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനോടനുബന്ധിച്ച് ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതത്തെക്കുറിച്ച് പഠനം നടത്തി അന്തിമ പഠന റിപ്പോർട്ടും സോഷ്യൽ ഇംപാക്ട് മാനേജ്മെന്റ് പ്ലാനും സമർപ്പിക്കുവാൻ കണക്ടേഴ്സ് കൺസൾട്ടൻസി, ആലപ്പുഴ എന്ന ജില്ലാതല സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിനെ ചുമതലപ്പെടുത്തി വിജ്ഞാപനം ചെയ്തിരുന്നതും മേൽ യൂണിറ്റ് അന്തിമ പഠന റിപ്പോർട്ടും സോഷ്യൽ ഇംപാക്ട് മാനേജ്മെന്റ് പ്ലാനും 21/12/2020 ലെ ശ്രീ. മുഹമ്മദ് ഉസ്മാൻ. എ. യുടെ കത്ത് പ്രകാരം സമർപ്പിക്കുകയുണ്ടായി. പ്രസ്തുത ഏജൻസി സമർപ്പിച്ച പഠന റിപ്പോർട്ട് വിലയിരുത്തുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ദ്ധ സമിതി ആലപ്പുഴ ജില്ലാ കളക്ടറുടെ 13/01//2021 തീയതിയിലെ ജി1-40070/2018 നമ്പർ നടപടിക്രമപ്രകാരം രൂപവൽക്കരിച്ചിരിക്കുന്നു.

പ്രസ്തുത വിദഗ്ദ്ധ സമിതിയുടെ യോഗം 19/01/2021 തീയതി ആലപ്പുഴ പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസിൽ വച്ച് രാവിലെ 11 മണിക്ക് ചേർന്നു. സമിതിയുടെ ചെയർമാൻ ശ്രീ. റിയാസ് കെ. ബഷീർ അധ്യക്ഷത വഹിച്ചു. യോഗം ചേർന്നതിന്റെ പ്രാധാന്യത്തെയും അതിന്റെ ആവശ്യകതയെക്കുറിച്ചും ചെയർമാൻ വിശദീകരിച്ചു. 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമ പ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് വിദഗ്ദ്ധ സമിതി വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുണ്ട്.

ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ തകഴി, നെടുമുടി വില്ലേജുകളിലായി പടഹാരം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി തകഴി, നെടുമുടി വില്ലേജുകളിൽ നിന്നും 82 ച.മീറ്റർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ഏറ്റെടുക്കേണ്ട ഭൂമി 4 കുടുംബങ്ങളുടെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ വീടുകളെയോ മറ്റു നിർമ്മിതികളെയോ ബാധിക്കുന്നില്ല. പദ്ധതിപ്രദേശത്ത് ഒരു പമ്പ് ഹൗസ് പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ കുടിവെള്ള വിതരണം തടസ്സപ്പെടാത്ത രീതിയിൽ പമ്പ് ഹൗസ് പുഃനസ്ഥാപിക്കണം. നിർമ്മാണ സാമഗ്രികൾ ഇറക്കിയിട്ടുള്ളതിനാൽ സമീപത്തെ കൃഷിയിടത്തിലേക്ക് കൊയ്ത്ത് യന്ത്രവും മറ്റ് സാമഗ്രികളും എത്തിക്കുവാനുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. തുമ്പും വാച്ചാലും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അടഞ്ഞു പോകുവാനുള്ള സാധ്യതയുണ്ട്. ഈ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാരം ആവശ്യമാണ്. നിർമ്മാണം പൂർത്തിയാക്കുന്നതിലൂടെ അപ്രോച്ച് റോഡ് സമീപത്തെ വീടിന്റെ നിരപ്പിനേക്കാൾ ഉയരാൻ സാധ്യതയുണ്ട്. ആവശ്യമായ സുരക്ഷാ മുൻകരുതലുകൾ കൈക്കൊള്ളേണ്ടതാണ്.

പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ സമിതി വിശദമായി ചർച്ച ചെയ്യുകയും നിർദ്ദിഷ്ട പദ്ധതിയുടെ ആവശ്യകത വിലയിരുത്തുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 7 അംഗങ്ങളടങ്ങിയ ഈ വിദഗ്ദ്ധ സമിതി താഴെ ചേർത്ത പ്രകാരം നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി പടഹാരം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന ഭൂമിയുടെ കൂടെ അധികമായി ഏറ്റെടുക്കേണ്ട ഭൂമിയെ സംബന്ധിക്കുന്നതാണ്. അതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ ഇതേ പദ്ധതിക്കായി മുൻപ് ഏറ്റെടുത്ത ഭൂമിയുടെ സാമൂഹ്യ ആഘാത റിപ്പോർട്ടും അതിന്മേലുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ടുമായി ചേർത്തു വായിക്കേണ്ടതാണ്.
2. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ തകഴി, നെടുമുടി വില്ലേജുകളെ ബന്ധിപ്പിക്കുന്ന പടഹാരം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിന് വേണ്ടിയുള്ളതാണ്. പ്രദേശവാസികളുടെ യാത്രാ ക്ലേശം പരിഹരിക്കാൻ ഈ പദ്ധതി സഹായിക്കും. ആലപ്പുഴ ചങ്ങനാശ്ശേരി റോഡിൽ നിന്നും നെടുമുടി പടഹാരം വഴി അമ്പലപ്പുഴ തിരുവല്ല റോഡിൽ അതിവേഗം എത്തിച്ചേരാവുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് ആലപ്പുഴ, ചങ്ങനാശ്ശേരി, തിരുവല്ല, തകഴി, അമ്പലപ്പുഴ, വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രി എന്നിവിടങ്ങളിൽ വളരെ വേഗം എത്തിച്ചേരുവാൻ ഉപകരിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കുന്നതിലൂടെ നിലവിലെ യാത്രാ ക്ലേശം പരിഹരിക്കുന്നതിനും അതുവഴി സഞ്ചാര സമയവും ഇന്ധന ഉപയോഗവും കുറയ്ക്കുവാനും സാധിക്കും. ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണെന്നും ബോധ്യപ്പെട്ടിരിക്കുന്നു.
3. യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന തകഴി, നെടുമുടി വില്ലേജുകളിലെ 82 ച.മീറ്റർ ഭൂമി ഈ പദ്ധതിക്കായി അധികമാവില്ലെന്നും ആയത് കുറഞ്ഞ അളവിലുള്ളതാണെന്നും പദ്ധതിയുടെ പ്ലാൻ സാങ്കേതികമായി മികച്ചതാണെന്നും ബോധ്യപ്പെട്ടു.
4. കൃത്യമായ ഏറ്റെടുക്കൽ നടപടികളിലൂടെ പദ്ധതി മൂലം ഉണ്ടായേക്കാവുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാൻ സാധിക്കുമെന്നതിനാൽ നിർദ്ദിഷ്ട പദ്ധതിയ്ക്കായി മറ്റു സ്ഥലം പരിഗണിക്കേണ്ടതില്ല എന്ന് ശുപാർശ ചെയ്യുന്നു.
5. നിർദ്ദിഷ്ട പദ്ധതിയ്ക്കായി സ്ഥലം ഏറ്റെടുക്കുന്നത് വീടുകളെയോ മറ്റു നിർമ്മിതികളെയോ ബാധിക്കുന്നില്ല.
6. പദ്ധതിപ്രദേശത്ത് ഒരു പമ്പ് ഹൗസ് പ്രവർത്തിക്കുന്നുണ്ട്. പ്രദേശത്തെ കുടിവെള്ള വിതരണം തടസ്സപ്പെടാത്ത രീതിയിൽ പമ്പ് ഹൗസ് പുനസ്ഥാപിക്കണം.
7. നിർമ്മാണ സാമഗ്രികൾ ഇറക്കിയിട്ടുള്ളതിനാൽ സമീപത്തെ കൃഷിയിടത്തിലേക്ക് കൊയ്ത്ത് യന്ത്രവും മറ്റ് സാമഗ്രികളും എത്തിക്കുവാനുള്ള ബുദ്ധിമുട്ടുകൾ ഉണ്ട്. തൂമ്പും വാച്ചാലും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ അടഞ്ഞു പോകുവാനുള്ള സാധ്യതയുണ്ട്. ഈ പ്രശ്നങ്ങൾക്ക് ഉചിതമായ പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.
8. നിർമ്മാണം പൂർത്തിയാകുന്നതിലൂടെ അപ്രോച്ച് റോഡ് സമീപത്തെ വീടിന്റെ നിരപ്പിനേക്കാൾ ഉയരാൻ സാധ്യതയുണ്ട്. സ്ഥല പരിശോധനയിലൂടെ സുരക്ഷാ നടപടികൾ നടപ്പിലാക്കേണ്ടതും നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ എന്തെങ്കിലും കേടുപാടുകൾ സംഭവിക്കുകയാണെങ്കിൽ ആഘാതം കാണിക്കുകയും ചെയ്യണം.
9. നിർദ്ദിഷ്ട സ്ഥലമേറ്റെടുക്കലിലൂടെ ബാധിക്കപ്പെടുന്ന സ്ഥല ഉടമകൾക്ക് 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്ന കാര്യം ഉറപ്പുവരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.
10. നിർദ്ദിഷ്ട പദ്ധതിയുടെ പൂർത്തീകരണം ആലപ്പുഴ ജില്ലയുടെയും അതുവഴി സംസ്ഥാനത്തിന്റെയും വികസനത്തിന് വലിയ മുതൽക്കൂട്ടാകുമെന്നതിനാൽ ഭൂമി ഏറ്റെടുക്കലിലൂടെ ഉണ്ടാവുന്ന നേട്ടം നാമ മാത്രമായ പ്രത്യാഘാതങ്ങളേക്കാൾ വളരെ ഉയർന്ന നിലയിൽ ആണെന്ന് വിദഗ്ദ്ധ സമിതി ശുപാർശ ചെയ്യുന്നു.

ഈ വിദഗ്ദ്ധ സമിതിയിലെ മുഴുവൻ അംഗങ്ങളും മേൽപ്പറഞ്ഞ നിർദ്ദേശങ്ങളെ അംഗീകരിച്ചുകൊണ്ട് നിർദ്ദിഷ്ട പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കാവുന്നതാണെന്ന് ശുപാർശ ചെയ്യുന്നു.

റിയാസ്. കെ. ബഷീർ
ചെയർമാൻ, വിദഗ്ദ്ധ സമിതി

| ക്രമ നമ്പർ | വിദഗ്ദ്ധ സമിതി അംഗങ്ങളുടെ പേരും പദവിയും | ഒപ്പ് |
|---|---|---|
| 1. | ശ്രീ. റിയാസ്.കെ.ബഷീർ (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം), സോഷ്യൽ സയന്റിസ്റ്റ്, വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ | |
| 2. | ശ്രീ. അമൽ എം.കെ (സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ്, തിരുവനന്തപുരം), സോഷ്യൽ സയന്റിസ്റ്റ് | |
| 3. | ശ്രീ. ബെൻസണൻ ജോസഫ് (തകഴി ഗ്രാമപഞ്ചായത്ത് 3-ാം വാർഡ് അംഗം), നാമനിർദ്ദേശം ചെയ്യുന്ന ബാധിത പ്രദേശത്തെ ഗ്രാമപഞ്ചായത്ത് അംഗം | |
| 4. | ശ്രീമതി. അമ്മിണി ചാക്കോ, (നെടുമുടി ഗ്രാമപഞ്ചായത്ത് 10-ാം വാർഡ് അംഗം), നാമനിർദ്ദേശം ചെയ്യുന്ന ബാധിത പ്രദേശത്തെ വനിതാ ഗ്രാമപഞ്ചായത്ത് അംഗം | |
| 5. | ശ്രീ. ആന്റണി ഡൊമിനിക്ക് (റിട്ട. ഡെപ്യൂട്ടി കളക്ടർ) പുനരധിവാസ വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |
| 6. | ശ്രീമതി. സാജിദ ബീഗം. എൻ (ഡെപ്യൂട്ടി കളക്ടർ (എൽ.എ) കളക്ടറേറ്റ്, ആലപ്പുഴ) പുനരധിവാസ വിഭാഗത്തിൽ നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |
| 7 | ശ്രീ. നിഹാൽ എ. (ഡെപ്യൂട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പാലങ്ങൾ വിഭാഗം, പൊതുമരാമത്ത് വകുപ്പ്) പദ്ധതിയുമായി ബന്ധപ്പെട്ട് അർത്ഥനാധികാരി നാമനിർദ്ദേശം ചെയ്യുന്ന വിദഗ്ദ്ധ അംഗം | |